തടയുന്നതിനും ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സൈബർ സെല്ലുകളും, പോലീസ് ആസ്ഥാനത്ത് ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിൽ ഹൈടെക്സെല്ലും പ്രവർത്തിക്കുന്നുണ്ട്. സൈബർ സെല്ലിലേക്കാവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു സൈബർ പോലീസ് സ്റ്റേഷൻ, ക്രൈം ബ്രാഞ്ചിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ടെക്നോപാർക്കിൽ ഒരു സൈബർ ഡോം തുടങ്ങുന്നതിന് 22-8-2014-ലെ ജി.(എംഎസ്.) നമ്പർ 167/2014/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയാനായി വിവിധ സോഫ്റ്റ്വെയർ വാങ്ങി ഹൈടെക് സെല്ലുകൾക്കും, സൈബർ പോലീസ് സ്റ്റേഷനുകൾക്കും നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) MoPF Scheme, Plan Scheme, 13th FCA, തുടങ്ങിയ പദ്ധതികളിലൂടെയുള്ള നവീകരണമാണ് പോലീസ് സേനയിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ അടിസ്ഥാന/താമസസൗകര്യങ്ങൾ ഏർപ്പെടുത്തിയും, വാഹനങ്ങൾ, ആയുധങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവ കൂടുതലായി ലഭ്യമാക്കിയും പോലീസ് സേനയെ നവീകരിച്ചു വരുന്നു. ഇതിനുപുറമേ പോലീസ് സേനയുടെ നവീകരണത്തിനായി ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്, സ്പെഷ്യൽ മോഡണൈസേഷൻ സ്കീം, CCTNS, ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം, ക്രൈം ബ്രാഞ്ച് പുനഃസംഘടന എന്നിവയും നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി 126.818 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് സേനയെ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഒഴിവുകൾ പി.എസ്.സി.-യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മദ്യനയം

22 (*172) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയം കർശനമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച കോടതിയുടെ മുമ്പിലുള്ള കേസുകളിൽ തീർപ്പുണ്ടാകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മദ്യനയം പരാജയമാണെന്ന് വരുത്തിത്തീർക്കാൻ മദ്യ ലോബി നടത്തുന്നതായി പറയപ്പെടുന്ന വിധ്വംസക പ്രവർത്തനങ്ങളും സ്പിരിറ്റ് കടത്തും മുൻകൂട്ടി കണ്ട് നടപടിയെടുക്കുന്നതിനും ഇക്കാര്യത്തിൽ സ്ത്രീ ജനങ്ങളുടെ കൂട്ടായ്മകളുടെ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു) :

(എ) മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണപ്രവർത്തനങ്ങളിലൂടെ 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവന ചെയ്യുന്നത്. മദ്യനയം കർശനമായി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും, എഫ്.എൽ1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും, എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന് മുമ്പാകെ മദ്യനയത്തിനെതിരെ ഉണ്ടായ കേസ്സ് ഇതിനകം തീർപ്പു കൽപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നയത്തിൽ നിന്നും വ്യത്യസ്തമായി 4 സ്റ്റാർ/ഹെറിറ്റേജ് ഹോട്ടലുകൾക്ക് പ്രവർത്തനാനുമതി നൽകിയ സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 4 സ്റ്റാറിനു താഴെ നിലവാരമുള്ള ഹോട്ടലുകളും പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ ഇപ്പോൾ വാദം നടന്നുവരുകയാണ്.

(സി) സംസ്ഥാനത്ത് മദ്യനയം നടപ്പിലാക്കുന്നതിനായി മുഴുവൻ ജനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തിക്കൊണ്ടുതന്നെയാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വ്യാജമദ്യവും സ്പിരിറ്റ് കടത്തും തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്

23 (*173) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയം രൂപീകരിക്കുവാൻ നിയോഗിച്ച രാമചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly